പതിമൂന്നാം കേരള നിയമസഭ
ആറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 2523 | 19.12.2012 ൽ മറുപടിയ്ക്ക്

## സംസ്ഥാനത്ത് മരുന്നുകളുടെ ഗുണനിലവാരവും വിലയും കർശനമായി നിയന്ത്രിക്കുന്നതിന് നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എം. ഉമ്മർ : | ശ്രീ. വി. എസ്. ശിവകുമാർ<br>ആരോഗ്യവും കുടുംബക്ഷേമവും<br>ദേവസ്വവും വകുപ്പുമന്ത്രി) |
| (എ) സംസ്ഥാനത്ത് മരുന്നുകളുടെ ഗുണനിലവാരവും വിലയും കർശനമായി നിയന്ത്രിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ; | (എ) ഗുണനിലവാരം കർശനമായി പാലിച്ച് ഉറപ്പു വരുത്തിയതിനുശേഷം മാത്രമേ മരുന്നുകൾ വിപണിയിൽ എത്തിക്കാൻ പാടുള്ളൂ ഇത് പാലിക്കപ്പെടുന്നുണ്ടോ എന്ന് ഡ്രഗ്സ് കൺട്രോൾ ഉദ്യോഗസ്ഥർ, ഉത്പാദനശാലകൾ നിരന്തരമായി പരിശോധിച്ച് ഉറപ്പു വരുത്തുന്നുണ്ട്. ഇപ്രകാരം വിപണിയിലെത്തിക്കുന്ന മരുന്നുകളുടെ റാൻഡം സാംബ്ലിംഗ് നടത്തി, പരിശോധിച്ച് ഇവയുടെ shelf life കാലയളവിൽ ഉല്പാദന സമയത്തുള്ള അതേ ഗുണനിലവാരം ഉണ്ടോ എന്ന് ഉറപ്പ് വരുത്താറുണ്ട്.. ഏതാണ്ട് 4000 മരുന്ന് സാമ്പിളുകൾ പ്രതിവർഷം പരിശോധിക്കുന്നുണ്ട്. മരുന്നിന്റെ പാക്കറ്റിൽ സൂചിപ്പിച്ചിരിക്കുന്ന പരമാവധി വിലയേക്കാൾ കൂടുതൽ വിലയ്ക്ക് മരുന്ന് വില്ക്കുവാൻ പാടുള്ളതല്ല എന്ന് Essential Commodities Act ൻ കീഴിലുള്ള Drugs Price Control Order പ്രകാരം നിഷ്ക്കർഷിച്ചിട്ടുണ്ട്. ഈ നിയമം ലംഘിച്ച് അമിത വിലയ്ക്ക് മരുന്നുകൾ വില്ക്കുന്നുണ്ടോ എന്ന് പ്രത്യേകം ശ്രദ്ധിക്കുകയും, ഏതെങ്കിലും പരാതികൾ ലഭിക്കുന്നപക്ഷം അന്വേഷിച്ച് കർശന നടപടികൾ എടുക്കുന്നുമുണ്ട്. കേന്ദ്രസർക്കാരിന്റെ കീഴിലുള്ള NPPAആണ് ഇൻഡ്യയിൽ ഒട്ടാകെ മരുന്നുകളുടെ പരമാവധി വില നിശ്ചയിച്ച് ഉറപ്പാക്കുന്നത്. എന്നാൽ NPPA നാളിതുവരേക്കും 74 മരുന്നുകൾക്കും അവയുടെ വിവിധ കോമ്പിനേഷനുകൾക്കും മാത്രമാണ് പരമാവധി വില നിശ്ചയിച്ചിട്ടുള്ളത്. പ്രസ്തുത വിലയേക്കാൾ കൂടുതൽ വിലയ്ക്ക് മരുന്ന് വില്ക്കുന്നത് ശ്രദ്ധയിൽപ്പെട്ടാൽ അതിന്റെ വില്പന സംസ്ഥാനത്ത് തടഞ്ഞ് ആയതിന്റെ വിവരങ്ങൾ അനന്തര നടപടികൾക്കായി NPPA യെ അറിയിക്കാറുണ്ട്. |

| | |
|---|---|
| (ബി)സ്വകാര്യ മരുന്നുകമ്പനികളെ നിയന്ത്രിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ ; വിശദാംശം നൽകുമോ ; | (ബി) ഗുണനിലവാരമില്ലാത്ത മരുന്നു നിർമ്മിക്കുന്ന കമ്പനികൾക്കെതിരെ നടപടി സ്വീകരിക്കുന്നുണ്ട്. 2009 ൽ 169 സാംബിളുകൾ ഗുണനിലവാരമില്ലാത്തതായി കണ്ടെത്തുകയും 42 പേർക്കെതിരെ നിയമ നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. 2010 ൽ 127 സാംബിളുകൾ ഗുണനിലവാരമില്ലാത്തതായി കണ്ടെത്തുകയും 36 പേർക്കെതിരെനിയമ നടപടികൾ സ്വീകരിക്കുകയും, 2011 ൽ 178 സാംബിളുകൾ ഗുണനിലവാരമില്ലാത്തതായി കണ്ടെത്തുകയും 39, പേർക്കെതിരെ നിയമ നടപടികൾ സ്വീകരിക്കുകയും, 2012 ൽ ഡിസംബർ വരെ 75 സാംബിളുകൾ ഗുണനിലവാരമില്ലാത്തതായി കണ്ടെത്തുകയും 11 പേർക്കെതിരെ നിയമ നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. |
| (സി) സർക്കാർ ആശുപത്രികളിൽ മരുന്നുകൾ ലഭ്യമാക്കാൻകെ.എസ്.ഡി.പി. യുമായി കരാറിൽ ഏർപ്പെട്ടിട്ടുണ്ടോ ; | സി) 35 ഇനം മരുന്നുകൾ കെ.എസ്.ഡി.പി.യിൽ നിന്നും ടെണ്ടർ നടപടികൾ കൂടാതെ , ജി.എം.പി. സർട്ടിഫിക്കറ്റിലും, സ്റ്റോർ പർച്ചേസ് മാനുവലിലെ വ്യവസ്ഥകളിൽ ഇളവു ചെയ്ത് വാങ്ങണമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. |
| (ഡി)എങ്കിൽ ഈ സാമ്പത്തിക വർഷം എത്ര കോടി രൂപയുടെ മരുന്നാണ് കെ.എസ്.ഡി.പി. യിൽ നിന്നും വാങ്ങിയത് ; വ്യക്തമാക്കുമോ ? | (ഡി)2012-13 സാമ്പത്തിക വർഷത്തിൽ 11.81 കോടി രൂപയുടെ സപ്ലൈ ഓർഡറുകൾ കെ.എസ്.ഡി.പി.ക്ക് നൽകുകയുണ്ടായി. |

സെക്ഷൻ ഓഫീസർ